little KITEs

ലിറ്റിൽ കൈറ്റ്സ്
ഹൈടെക് വിദ്യാലയങ്ങളിലെ
കുട്ടികളുടെ
ഐ.ടി കൂട്ടായ്മ

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION



# മുത്തുച്ചിപ്പി

## ഡിജിറ്റൽ മാഗസിൻ 2018-'19

ഗവൺമെന്റ് ഹയർസെക്കന്ററിസ്ക്കൂൾ ,കോന്നി

# "മുത്തുച്ചിപ്പി"

## ഡിജിറ്റൽ മാഗസിൻ
## 2018-'19

ലിറ്റിൽകൈറ്റ് യൂണിറ്റ്

## ജി.എച്ച്.എസ്.എസ്,കോന്നി

# ആശംസ - **ഹെഡ്മിസ്ട്രസ്**

ശ്രീലത ആർ
ഹെഡ്മിസ്ട്രസ്
ഗവ. ഹയർസെക്കൻഡറി സ്കൂൾ ,കോന്നി



കോന്നി ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് കുട്ടികൾ നിർമ്മിക്കുന്ന ഡിജിറ്റൽ മാഗസിന് എല്ലാ ആശംസകളുംഅറിയിക്കുന്നു

എന്ന്

ശ്രീലത ആർ
ഹെഡ്മിസ്ട്രസ്

## ആശംസ - പി.ടി.എ പ്രസിഡൻറ്

അനിൽകുമാർ എൻ

പിടിഎ പ്രസിഡൻറ്
കോന്നി ഗവൺമെൻറ് ഹയർ
സെക്കൻഡറി സ്കൂൾ



ലിറ്റിൽ കൈറ്റ്സ് കോന്നി ഗവൺമെൻറ്സ്കൂൾ യൂണിറ്റിൻെറആഭിമുഖ്യത്തിൽ പുറത്തിറക്കുന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു

എന്ന്

അനിൽകുമാർഎൻ
**പിടിഎ പ്രസിഡൻറ്**

# എഡിറ്റോറിയൽ

കേരളത്തിലെ സ്കൂളുകളിൽ പാഠ്യപാഠ്യേതര രംഗങ്ങളിൽ പ്രമുഖ സ്ഥാനം വഹിക്കുന്ന കോന്നി ഗവൺമെൻറ് എച്ച്എസ്എസിലെ ലിറ്റിൽ കൈറ്റ്സ്ഐടി കൂട്ടായ്മ 2018-19 ന്റെ പ്രവർത്തനഫലമാണ് മുത്തുച്ചിപ്പി ഡിജിറ്റൽ മാഗസിൻ. സമുദ്രത്തിൻെറ ആഴങ്ങളിൽ ഒളിഞ്ഞു കിടക്കുന്ന ചിപ്പിക്കുള്ളിലെ മുത്തുകൾ കണ്ടെത്തുന്നതുപോലെ കുട്ടികളുടെ ഉള്ളിൻെറയുള്ളിൽ ഉറങ്ങിക്കിടക്കുന്ന സർഗാത്മക സിദ്ധികളെ വളർത്തിയെടുക്കുന്നതിലേക്കുള്ള ഒരു ചുവടുവയ്പാണ് ഈ മാഗസിൻ. കുട്ടികളുടെ സൃഷ്ടിപരമായ കഴിവുകൾ മനസിലാക്കി അവ പ്രോത്സാഹിപ്പിക്കേണ്ടത് വിദ്യാലയത്തിൽ നിന്നു തന്നെയാണ്. കേരളത്തിലെസ്കൂളുകൾ hitech ആക്കുന്നതിൻെറ ഭാഗമായും പുതുതലമുറയുടെ കഴിവുകളേയും താൽപര്യങ്ങളെയും പ്രോത്സാഹിപ്പിച്ചുകൊണ്ട് പുതിയ പന്ഥാവുകൾ തുറക്കുന്നതിനും വേണ്ടി രൂപീകൃതമായ ലിറ്റിൽ കൈറ്റ് ഐ ടി ക്ലബ് വിദ്യാഭ്യാസ വകുപ്പിൻെറ വളരെ നല്ല ഒരു പദ്ധതിയാണ്.

കഥയുടെ ആചാര്യനായ ശ്രീ വൈക്കം മുഹമ്മദ് ബഷീറിൻെറ ജന്മദിനത്തിൽ ഈ മാഗസിൻ പുറത്തിറക്കുന്നതിൽ വളരെയധികം സന്തോഷമുണ്ട്.

ഈ മാഗസിനിലേക്ക് രചനകൾ തന്ന് സഹായിച്ചവരോടും ഇതിൻെറ ഓരോപ്രവർത്തനങ്ങളിലും പങ്കാളികളായ എല്ലാവരോടുമുള്ള നന്ദി രേഖപ്പെടുത്തികൊള്ളട്ടെ.

ഞങ്ങൾക്ക് വേണ്ടതായ മാർഗ നിർദേശം നൽകിയ അധ്യാപകർ, പിന്തുണയേകിയ ഹെഡ്മിസ്ട്രസ്, പി.ടി.എ പ്രസിഡൻറ്, സ്കൂൾ ഭാരവാഹികൾ എല്ലാവരോടുമുള്ള നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു

നന്ദിപൂർവ്വം



***KARTHIKA SATHYAN*** ***(student editor)***

- **LK masters -- *Smt. Suja Sara Daniel***
  ***Smt.Shylaja Beevi S***

- **LK members -- *Alfia Shah, Karthika Sathyan,***
  ***Shuvi K Kannan, Anugraha Joykkutty,***
  ***Aviva Elsa Saji, Athira Santhosh,***
  ***Gayathri C J Devan, Vrinda.S, Liya Roy,***
  ***Neethu Mathew, Subahana Shanavas***
  ***Nejila Nejeeb, Christeena B Thomas***
  ***Aparna Mohan, Mythri Santhosh,***
  ***Sreelekshmi S, Fathima S,***
  ***Christeena John,C J Santhipriya,***
  ***Aksa Varghese, Anzil Hassan,***
  ***Arun Ramkumar, Jerin James,***
  ***Adarsh S Kumar,Prabhu Raj,***
  ***Mevlin Mathew John, Abhijith V,***
  ***Vineeth V, Shenoy P Sunny,***
  ***Albin Aniyan, Aromal B,***
  ***Kiran P Saji,Rahul P S,***
  ***Govardhan R, Issac Z Abraham***

## താളുകൾ മറിക്കുമ്പോൾ


കഥയുടെ ആചാര്യൻ........8

വൈക്കം മുഹമ്മദ് ബഷീർ (1908 –'94)........8

കവിത........9

ളുമഞ്ഞ്........9

Know the scientist........10

Sir CV Raman(1888–1970)........10

കവിത........11

അമ്മ........11

കഥ........13

ആ രാത്രി അവൻ ഇല്ലായിരുന്നെങ്കിൽ........13

കവിത........15

ലക്ഷ്യദീപം........15

സയൻസ് ക്വിസ്........16

തലച്ചോറിനെ അറിയാം........16

എന്റെ കവിതകൾ........17

രാത്രിമഴ........17

പ്രണയം പ്രകൃതിക്കും........17

കവിത........19

ഭൂമിയുടെ വർണ്ണന........19

ARTICLE........20

Adolescent Problems........20

എന്റെപ്രിയപ്പെട്ട കവിയും കവിതയും........21

ഉപ്പ്........21

കാടെവിടെ മക്കളേ?........22

വെള്ളപ്പൊക്കം........24

THE LEGEND........26

Dr. A.P.J Abdul Kalam........26

SCENERY........27

ലേഖനം........28

യുവതലമുറയുടെ ശ്രദ്ധയ്ക്ക്........28

IT QUIZ........30

DRAWINGS........31

PEACOCK........31

DORA........32

KERALA QUIZ........33


JUNGLE BOOK........34

ചിത്രം........36

പ്രളയം........36


## കഥയുടെ ആചാര്യൻ

## വൈക്കം മുഹമ്മദ് ബഷീർ (1908 –'94)



1908 ജനുവരി 19 ന് വൈക്കം താലൂക്കിൽ തലയോലപ്പറമ്പിൽ ജനിച്ചു.തലയോലപ്പറമ്പിലുള്ള മലയാളം സ്കൂളിലും വൈക്കം ഇംഗ്ലീഷ് സ്കൂളിലും ആയിരുന്നുപഠനം.ഇന്ത്യൻ നാഷണൽ കോൺഗ്രസിൽ ചേർന്ന് സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമായി കോഴിക്കോട്ടു നടന്ന ഉപ്പുസത്യാഗ്രഹത്തിൽ പങ്കുകൊള്ളുകയും അതിന്റെ പേരിൽ മർദ്ദനത്തിനിരയാകുകയും ജയിൽ ശിക്ഷ അനുഭവിക്കുകയും ചെയ്തു.പത്തു വർഷത്തോളം ഇന്ത്യയൊട്ടാകെ സഞ്ചരിച്ചു. പിന്നീട് ആഫ്രിക്ക, അറേബ്യ തുടങ്ങിയ രാജ്യങ്ങളിലും യാത്ര ചെയ്തു.

ബാല്യകാല സഖി, പാത്തുമ്മയുടെ ആട്, ന്റുപ്പുപ്പായ്ക്കൊരാനേണ്ടാർന്നു എന്നീ കൃതികൾ ഇന്ത്യയിലെ പ്രധാനഭാഷകളിലെല്ലാംതർജമചെയ്തു പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. മതിലുകൾ, ശബ്ദങ്ങൾ, പ്രേമലേഖനം എന്നീ കൃതികളും 16 കഥകളുടെ ഒരു സമാഹാരവും ഇംഗ്ലീഷിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര സാഹിത്യ അക്കാദമിയുടെയും കേരള സാഹിത്യ അക്കാദമിയുടെയും ഫെലോഷിപ്പ് ലഭിച്ചിട്ടുണ്ട്. ഇന്ത്യാ ഗവണ്മെന്റ് പദ്മശ്രീ നൽകി അദ്ദേഹത്തെ ആദരിച്ചു.1994 ജൂലൈ 5 ന് അദ്ദഹം ഇഹലോകവാസം വെടിഞ്ഞു.



Mevlin Mathew(IX B)

## കവിത

# തൂമഞ്ഞ്

കണിമഞ്ഞുതുള്ളിതൻ
അണിവിരൽ തുമ്പിനാൽ
കുടമുല്ലപ്പൂക്കളിൽ
കുളിർ പകർന്നു
ഇളവെയിൽ ചന്ദനം
നെറുകയിൽ ചൂടിയാ-
ശാലീന സുന്ദരി
ഒരുങ്ങി നിൽക്കെ
ഒരു കുഞ്ഞു കാറ്റിന്റെ
അലസമാം ചലനങ്ങൾ
അവളെ പുലരിയി-
ലൂയലാട്ടി......
ദലമർമ്മരങ്ങളിൽ
ഉണർന്ന പാട്ടിൻ
ശ്രുതി അലിഞ്ഞലി
ഞ്ഞാർദ്രമായ് പരന്നൊഴുകി.....

**SAISREE S(10 B)**



## Know the scientist

## Sir CV Raman(1888–1970)



Sir Chandrashekhara Venkata Raman was an Indian physicist born in the former Madras. He carried out ground-breaking work in the field of light scattering which earned him the 1930 Nobel Prize for Physics. He discovered that when light traverses a transparent material some of the deflected light changes wavelength. This phenomenon subsequently known as Raman scattering results from Raman effect. In 1928 he found that when a transparent substance is illuminated by a beam of light of one frequency, a small portion of light emerges at right angles to the original direction and some of this light is of different frequencies than that of the incident light. This is known as Raman effect. In 1954 India honoured him with its highest civilian award the Bharat Ratna.

**Ashma Raj (10B)**



കവിത



# അമ്മ

എന്റെ ശബ്ദത്തിൽ നിറയുന്നപുണ്യ അമൃതമാണെന്നമ്മ
ആ അമ്മ തൻ കണ്ണിൽ നിറയുന്ന സ്നേഹത്തിൻ ആഴമളക്കാൻ
അമ്മ തൻ മുലപ്പാൽ കുടിച്ചവർക്കാകുമോ?
അമ്മയെ മാറ്റി നിർത്താൻ നമ്മൾപ്രയത്നിക്കും നേരം
വ്യർത്ഥമല്ലോ ഇഹലോക ജീവിതം
വീട്ടിൽ പ്രകാശം പരത്തും വിളക്കാണമ്മ.
അമ്മ വിളക്കിനെ തല്ലിക്കെടുത്തരുത്
നമ്മുടെ കൺകൾ നിറയുന്ന നേരത്ത്
മെഴുകുതിരിപോൽനിന്നുരുകും
അമ്മയെനമ്മൾ സ്നേഹിക്കേണം,അമ്മയെ നമ്മൾ വെറുക്കരുത്
അടിതെറ്റി വീഴുന്ന നേരത്ത് നാം അമ്മേ എന്നുറക്കെ വിളിക്കും
ആ നേരം പെട്ടെന്ന് അമ്മ തൻ മനം പിടയ്ക്കും
വീട്ടിൽ പ്രകാശം പരത്തും വിളക്കാണമ്മ.
അമ്മയെനമ്മൾ ഒറ്റപ്പെടുത്തരുത് കൈപിടിച്ച് കൂടെ നിർത്തിടേണം
അതിനേക്കാൾ വേറൊരു പുണ്യമില്ല അതു തന്നെ നമ്മുടെ ജീവിത ലക്ഷ്യം
എന്നുള്ളിലെ വേദനപ്പാടുകൾ അറിയുന്ന അമ്മ

തൻ വേദനകൾ മറന്നു ചിരിച്ച് എൻ മുന്നിൽ നിൽക്കുന്ന
ആ അമ്മ തൻ സ്നേഹത്തെ ഓർത്തിടുക
അമ്മയെ നമ്മൾ മറക്കരുത് ,അമ്മയാണ് നമ്മുടെ ജീവാമൃതം



**Prince Antony-(8B)**



കഥ

## ആ രാത്രി അവൻ ഇല്ലായിരുന്നെങ്കിൽ

കുറ്റാക്കൂരിരുട്ട്. വീടിനു പുറത്തു നിന്ന് എന്തോ ഒരു ശബ്ദം. ഞാൻ പതിയെ കതകുതുറന്ന് പുറത്തിറങ്ങി. വീട്ടിൽ കറണ്ടും ഇല്ല. സമയം രാത്രി 12 മണി.ഒരു മണിക്ക് കണ്ണൂരിലേക്കുള്ള ട്രെയിൻ ബുക്ക് ചെയ്തിരുന്നു. പെട്ടെന്ന് അവിടെ എത്തണം. അവസാനത്തെ ബസ്സും പോയി. ഇനി പെട്ടി ചുമന്ന് നടക്കുകയേ രക്ഷയുള്ളൂ. രാത്രിയിൽ ആ റോഡിൽ ആരുമില്ല. ഞാൻ തനിയെ- ഉള്ളിൽ നല്ല ഭയമുണ്ട്. എങ്കിലും ഞാൻ നടന്നു. കുറെ മുന്നിലെത്തിയപ്പോൾ അതാ എൻെറ പുറകിൽ ആരോ നടക്കുന്നു. ഞാനെൻെറ എല്ലാ ധൈര്യവും എടുത്ത് തിരിഞ്ഞുനോക്കി. ആരുമില്ല .സമാധാനമായി. പെട്ടന്ന് എതിർവശത്ത് ആരോ നടക്കുന്ന ശബ്ദം. ഞാൻ നോക്കിയപ്പോൾ എൻെറ വളർത്തുനായ കൈസർ- അവനെൻെറ കൂടെയുണ്ടായിരുന്നു. കുറെയേറെ ദൂരമായപ്പോൾ കുറച്ചാളുകളെ കണ്ടു. ഞാനൊന്ന് വിരണ്ടു സൂക്ഷിച്ച് ഓരോരുത്തരെയും നോക്കി. പരിചയമുള്ളവരാണ്. ചെറുപ്പക്കാരാണ്. ഞാൻ വീണ്ടും മുന്നോട്ടു നടന്നു. എൻെറ പിന്നിൽനിന്നും ഒരാൾകത്തിയെടുത്ത് എന്നെ ആക്രമിക്കാൻ ശ്രമിച്ചു.കൈസർ അയാളുടെ നേരേ ചാടിവീണ് അവൻെറ വസ്ത്രം കടിച്ചുകീറി. അപ്പോഴേക്കും അവിടെയുണ്ടായിരുന്നവർ ഓടി

മറഞ്ഞിരുന്നു. കൈസറും‌അയാളും തമ്മിലുള്ള പിടിവലി തുടർന്നു. അയാളതിൽ മരണപ്പെട്ടു. എങ്കിലും അയാളുടെ കയ്യിലെ കത്തി കൈസരുടെ കഴുത്തിൽ അമർന്നിരുന്നു . കൈസർ പിടയുന്നതു കണ്ട് ഒന്നും ചെയ്യാൻ കഴിയാതെ ഒരു ദൃക്സാക്ഷിയായി ഞാൻ നിന്നു. അവനെ എടുത്ത് പൊട്ടിക്കരയണമെന്നുണ്ട്. എന്നാൽ സാധിക്കുന്നില്ല. പെട്ടന്ന് ഞാൻ ഉറക്കത്തിൽ നിന്നും ഞെട്ടിയുണർന്നു. ആദ്യം കൈസറിനൊണ് ഞാൻ നോക്കിയത്. അപ്പോൾ അവൻ ചോരയൊലിച്ച് കിടക്കുന്നു. ഞാൻ വീണ്ടും സൂക്ഷിച്ചുനോക്കി. എൻെറ ടൊമാറ്റോസോസ് തട്ടിക്കളഞ്ഞിട്ട് അവൻ സുഖമായി ഉറങ്ങുകയാണ്.

**VRINDA S**



കവിത

# ലക്ഷ്യദീപം

ആനന്ദകുമിളകൾ തേടി അലയുന്നവൾ
ജീവിതവീഥിയിൽ എവിടെയും
ആനന്ദത്തിൻകത്തിയെരിഞ്ഞ മുറവിളികൾ മാത്രം
വറ്റിവരണ്ടുവോ കണ്ണുനീരിൻ കുമിളകൾ
ജീവിതമാം മഷിക്കുപ്പിയിൽ
ജീവിതമാം പാതയിലെ മുള്ളുകളിലുടക്കി
വിള്ളലേറിമങ്ങിയതോ നിൻ പാദങ്ങൾ
ഇല്ല, ഇവയ്ക്കില്ല, ഈ മുള്ളുകൾക്കില്ല, കല്ലുകൾക്കില്ല
എൻ ലക്ഷ്യദീപത്തെ വെല്ലുവാൻ ശക്തി.
കത്തിജ്വലിക്കുന്നു ലക്ഷ്യദീപം
അവൾക്കു ശക്തി എൻ മനതാരിലെ സ്വപ്നോർജ്ജം
സ്നേഹമാണവൾക്കു ശക്തി
സ്വപ്നമാണവൾക്ക് ഊർജ്ജം
പ്രതീക്ഷയാണവളുടെ പാത
വിജയപ്രതീക്ഷ.....വിജയപ്രതീക്ഷ

*Sneha Suresh(10 B)*



## സയൻസ് ക്വിസ്

# തലച്ചോറിനെ അറിയാം



1) തലയോട്ടിയിലെ കട്ടിയുള്ള ചർമം ഏത്?

ഉത്തരം: സ്കാൽപ്പ്

2) തലയോട്ടിയിലെ അസ്ഥികളുടെ എണ്ണം എത്ര?

ഉത്തരം: 22

3) മനുഷ്യൻറെ തലച്ചോറിൻറെ ശരാശരി ഭാരം എത്ര?

ഉത്തരം:1.5 കിലോഗ്രാം

4) തലയോട്ടിയിലെ ചലിപ്പിക്കാവുന്ന ഒരേയൊരു അസ്ഥി ഏത്?

ഉത്തരം: താടിയെല്ല്

5) പേശി പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്ന മസ്തിഷ്ക ഭാഗം ഏത്?

ഉത്തരം: സെറിബല്ലം

6) തലച്ചോറിൻറെ ഏറ്റവും വലിയ ഭാഗം ഏത്?

ഉത്തരം: സെറിബ്രം

7) നട്ടെല്ലിൽകൂടി കടന്നുപോകുന്ന തലച്ചോറിലെ ഭാഗത്തിന് പേര് എന്ത്?

ഉത്തരം: സുഷുമ്ന

8) മസ്തിഷ്കത്തെ പൊതിഞ്ഞിരിക്കുന്ന മൂന്ന പാളിയുള്ള സ്തരം ഏത്?

ഉത്തരം: മെനിഞ്ചസ്

***Karthika Sathyan (9B)***



## എന്റെ കവിതകൾ



### രാത്രിമഴ

രാത്രിയുടെ യാമങ്ങളിൽ
ഞാൻ മഴ കാത്തു നിന്ന
നേരം
ആഗതയായി മഴ
അതിസുന്ദരമായ കുളിർ
കാറ്റിലൂടെ
പലപല ശബ്ദങ്ങളിൽ
പൊഴിയുന്ന വർഷമേ
മണ്ണിൽ സുഗന്ധം പരക്കവേ
നിലാവിന്റെ വെളിച്ചത്തിൽ
നീ മായുന്നുവോ.....
ഇനിനീ എപ്പോൾ വരും
മഴയെ നീ എപ്പോൾ വരും?

### പ്രണയം പ്രകൃതിക്കും

എൻ ഹൃദയവാതിലിൽ നീ മുട്ടിവിളിക്കുന്നു
പ്രണയമേ ......പ്രണയമേ
നീ മുട്ടിവിളിക്കുന്നു
പ്രകൃതിയെ നിൻനേത്രത്തിൽ
ഞാനൊരു കൃഷ്ണ മണിയായി
തിളങ്ങി നിൽക്കുന്നു
നെഞ്ചിൽ താളം തുള്ളുന്ന
പ്രണയമേ...... പ്രണയമേ
നീ എൻ നെഞ്ചിൽ ഒരു



ഹൃദയ വാതിൽ പണിയുന്നു
ആനന്ദ തോണിയിലേക്ക് തള്ളിയിടുന്നു
നീ കടൽ അലകളിലെ ഒരു
സംഗീതമായി എന്നെ മാറ്റുന്നു
എൻ ഹൃദയത്തിൽ കുളിർകാറ്റ് വീശിഅടിക്കുന്നു
പ്രകൃതിയായ അമ്മയെ നീയെന്നെ തളച്ചിടുന്നു
പ്രണയമേ...... പ്രണയമേ
എൻ ഹൃദയവാതിലിൽനീ മുട്ടിവിളിക്കുന്നു



**Jeena Babu ( 8A)**



കവിത

# ഭൂമിയുടെ വർണ്ണന




നീലം കലർത്തിയ നിറമാണ് നിന്റെ മേനിയെല്ലാം
ജലാശയം കൊണ്ടു നിറഞ്ഞു നിൽക്കുന്നു നീ

ഇന്ദ്രനേപ്പോലെ ചാരുത നിന്റെയുള്ളിൽ
മരങ്ങളും പക്ഷിമൃഗാദികളുംപുഴകളും
കൊണ്ടു നിറഞ്ഞു നിന്റെ മനോഹാരിത
കണ്ണുനീർ പോലെ ഒഴുകുന്നു നിൻ പുഴകൾ
അംബിക എന്നു നിന്നെ വിളിക്കുന്നു

നിൻ ശോഭ കണ്ട് മനുഷ്യർക്രൗര്യം കാട്ടി നിൻ
പുഴകൾ മലിനമാക്കി പിടിച്ചു നിർത്താൻ കഴിയാതെ
കരഞ്ഞു നീ കാർ നിഴൽ നീന്തിടുന്ന കൺകലാളവൾ



Athul Raj(8C)

**ARTICLE**

# Adolescent Problems

The youth of today don't consider themselves too young to be pampered and are not supposed to be old enough to take responsibility on their shoulders. The main problem facing is the communication gap between them and the elders- the former believing themselves to be old enough for taking their own decision in matters personal or social while the latter t refuse to hand over the responsibility to them. This leads to problems rising high more often.


The most common problem a person faces at this phase is peer pressure. They are pressured or threatened to do what one should not do. The youth don't want to make a clash with their friends and want to keep their friendship. Knowingly or unknowingly they have to obey their peers.

Many youth are short tempered and this is the root cause of most problems. Also are not willing to obey their parents and are stubborn and wants to live a luxurious life. They dislike the advice of others.

Most youth are having a mentality of making money easily and immediately for their luxuries. For that they are not hesitating to do anything.

Modern media play a key role in their life. The influence of TV, and mobile are too much. Some use the good aspects of social media, but most of them are misusing it. Many youth are not interested in reading books and are mostly addicted to social media. This will cause mental problems and many health problems like vision problems

However some good qualities can be seen in today's youth. They are very brave and are not hesitating to express their feelings. They want to keep their dignity and don't like forcing other's ideas on them



**AKSA THOMAS(10B)**

collection


## എന്റെപ്രിയപ്പെട്ട കവിയും കവിതയും

# ഉപ്പ്

ഒ.എൻ.വി.കുറുപ്പ്




പ്ലാവില കോട്ടിയ കുമ്പിളിൽ തുമ്പതൻ
പൂവുപോലിത്തിരിയുപ്പു തരിയെടു-
ത്താവിപാറുന്ന പൊടിയരിക്കഞ്ഞിയിൽ
തൂവി പതുക്കെ പ്പറയുന്നു മുത്തശ്ശി:
"ഉപ്പു ചേർത്താലെ രുചിയുള്ളു! കഞ്ഞിയിൽ
ഉപ്പു തരി വീണലിഞ്ഞു മാഞ്ഞുപോം-
മട്ടിലെന്നുണ്ണി! നിൻ മുത്തശ്ശിയും നിന്ന-
നിൽപ്പിലൊരുനാൾ മറഞ്ഞുപോം! എങ്കിലും,
നിന്നിലെയുപ്പായിരിക്കുമേ മുത്തശ്ശി-
യെന്നും! എന്നുണ്ണിയെ വിട്ടെങ്ങു പോകുവാൻ?"
ചില്ലുപാത്രത്തിലിരുന്നു ചിരിക്കുന്നു
നല്ല കറിയുപ്പ് തീന്മേശമേൽ,കടൽ
വെള്ളത്തിൽനിന്നും കറിയുപ്പുവാറ്റുന്നു-
വെന്ന വിജ്ഞാന പ്പനയോലയിൽ കൊത്തി
എന്റെ നാവിന്നരം വായ്പ്പിച്ചു പണ്ടുഞാൻ!



AROMAL B (IX B)

collection

# കാടെവിടെ മക്കളേ?



അയ്യപ്പപ്പണിക്കർ

കാടെവിടെ മക്കളെ? മേടെവിടെ മക്കളേ?
കാട്ടുപുൽത്തകിടിയുടെവേരെവിടെ മക്കളേ?
കാട്ടുപൂഞ്ചോലയുടെ കുളിരെവിടെ മക്കളേ?
കാറ്റുകൾ പുലർന്ന പൂങ്കാവെവിടെ മക്കളേ ?
പച്ചപ്പനന്തത്ത പാടിക്കളിക്കുന്ന
പ്ലാവുകൾ മാവുകളുമെവിടെന്റെ മക്കളെ?
കുട്ടിക്കരിങ്കുയിൽ കൂവിത്തിമിർക്കുന്ന
കുട്ടനാടൻ പുഞ്ച എവിടെന്റെ മക്കളെ?
പായൽ ചുരുൾ ചുറ്റി ദാഹനീർ തേടാത്ത
കായലും തോടുകളും എവിടെന്റെ മക്കളെ ?
ചാകര മഹോത്സവ പെരുന്നാളിലലയടി-
ച്ചാർക്കുന്ന കടലോര മെവിടെന്റെ മക്കളെ?
കാർഷികഗവേഷണക്കശപിശയിൽ വാടാത്ത
കാറ്റുവീഴാക്കേര തരുവെവിടെ മക്കളെ?
ഫാക്ടറി പുകയുറഞ്ഞാസ്മ വലിക്കാത്തൊ-
രോക്സിജൻ വീശുന്ന നാടെവിടെ മക്കളേ?
ശാസ്ത്രഗതി കൈവിരൽത്തുമ്പാൽ തെളിക്കുന്ന
തീർത്ഥാടകർ ചേർന്ന നാടെവിടെ മക്കളേ?

പത്തിരിക്കറി കൂട്ടി മണവാട്ടി നുണയുന്നൊ-

രൊപ്പനകൾ പാടുന്ന നാടെവിടെ മക്കളേ?


മരവും മനുഷ്യരും കിളിയും മൃഗങ്ങളും

ചെടിയും ചെടിക്കാത്ത നാടെവിടെ മക്കളേ?

പൂത്തിരികൾ കത്തി വനഗജരാജ മദഗന്ധ-

പൂരം പൊലിക്കുന്ന നാടെവിടെ മക്കളേ?

***RAHUL P S 9(D)***





collection

# വെള്ളപൊക്കം

എൻ.വി.കൃഷ്ണവാര്യർ



ജലമേന്തിയോടിക്കിതച്ച മേഘം
മലയിൽത്തടഞ്ഞു കമിഴ്ന്നു വീണു
കൊട്ടുമുടിക്കടിയിലേക്കുരുളും കുടത്തിൻെറ
ചടപട ശബ്ദങ്ങൾ കേൾപ്പതില്ലേ? തണ്ണീർ
ചിതറിത്തെറിപ്പതു കാണ്മതില്ലേ
പുഴയിൽ മലവെള്ളം പൊങ്ങിവന്നു;
കരകൾകവിഞ്ഞു; വയൽ നിറഞ്ഞു
പടിയോളം വന്നെത്തി തൊടിയിലും ചെന്നെ
ഞൊടിയിലീ മുറ്റത്തുമോടിയെത്തും,
വെള്ളമൊട്ടുവിലീയിറയത്തുമേറിയെത്തും!

*GOVARDHAN R(9B)*



## THE LEGEND

# Dr. A.P.J Abdul Kalam



Avul Pakir Jainulabdeen Abdul Kalam(Dr A.P.J Abdul Kalam) was an Indian scientist and visionary who was a revered figure , in the world, more so in India.

Born in Rameswaram, Tamil Nadu, India he studied Physics and Aerospace engineering. He made his career as a scientist and science administrator

He has been awarded with the coveted civilian awards- Padma Bhushan (1981) and Padma vibhushan and highest civilian award Bharat Ratna

In 2002 Dr. Kalam was elected as the president of India, the largest democracy in the world.


He passed away on july27 2015

***KAVYA R(10B)***



## SCENERY



NIRMEL B JOSEPH(8C)

### ലേഖനം

## യുവതലമുറയുടെ ശ്രദ്ധയ്ക്ക്

ഇവിടെ ഞാൻ എഴുതാൻ പോകുന്നത് ഒരു കഥയോ കവിതയോ അല്ല. നമ്മുടെ ജീവിതത്തിൽ ഒരിക്കലും നടക്കരുതേ എന്ന് പ്രാർത്ഥിക്കുന്ന ചില കാര്യങ്ങൾ മാത്രം.

നമ്മുടെ നാട് പരശുരാമൻ മഴു എറിഞ്ഞ് സൃഷ്ടിച്ച നമ്മുടെ "കേരളം", "മഹാബലി തമ്പുരാന്റെ മണ്ണ് ". കള്ളവും ചതിയുംഎള്ളോളമില്ല എന്ന് കവികൾ പാടി പുകഴ്ത്തിയ നാട് ഇപ്പോൾ ചതിയുടെയും വഞ്ചനയുടെയും കേന്ദ്രമായി മാറിക്കൊണ്ടിരിക്കുന്നു.


നമ്മുടെ അച്ഛനമ്മമാർ വീട്ടിൽ ഏറ്റവും ദരിദ്രമായ അവസ്ഥ ആണെങ്കിൽ പോലും  അതറിയിക്കാതെ നമ്മെവളർത്തുന്നു.എന്നാൽ യുവതലമുറയിലെകുട്ടികൾമദ്യത്തിനുംമയക്കമരുന്നിനുംമറ്റുലഹരിവസ്തുക്കൾക്കുംഅടിമയായിക്കൊണ്ടിരിക്കുന്നു. എന്നാൽ അവർ അറിയുന്നുവോ അവർ അവരെ തന്നെ കൊല്ലുകയാണെന്ന്. ക്യാൻസർ ,ഹാർട്ട് അറ്റാക്ക് എന്നിവ പോലുള്ള മാരകരോഗങ്ങൾ മനുഷ്യകുലത്തെ കാർന്നുതിന്നുന്നു. നൂറിൽ 75 ശതമാനം റോഡപകടങ്ങളും ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം കൊണ്ടുണ്ടാകുന്നതാണ്.

ഇങ്ങനെയുള്ള ഈകാലത്ത് ആൺകുട്ടികളായാലുംപെൺകുട്ടികളായാലും സ്കൂളിൽ പോയിട്ട് തിരികെ വരുന്നതുവരെ രക്ഷകർത്താക്കൾ വളരെഭീതിയോടെയാണ് കഴിയുന്നത്.മാധ്യമങ്ങളിലൂടെയും മറ്റും നമ്മുടെ ചുറ്റും നടക്കുന്ന ധാരാളം കാര്യങ്ങൾ നാംഅറിയുന്നുണ്ട്.തന്മൂലം നാംഎപ്പോഴുംജാഗ്രതയുള്ളവരായിരിക്കണം.കുട്ടികളായ നാം നമ്മുടെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മറ്റുള്ളവരെയും അനുസരിച്ചും സ്നേഹിച്ചും വളരണം. അതേപോലെ വിദ്യാഭ്യാസത്തിന് ഏറ്റവും

പ്രാധാന്യം നൽകണം.

നല്ല കൂട്ടുകാർ എന്നും നല്ല പുസ്തകത്തിന് തുല്യമാണ്. നമ്മുടെ ഓരോ ചുവടും സൂക്ഷിച്ച് മുന്നോട്ടുവയ്ക്കുക. കാരണം ചതിക്കുഴികൾ ഏത് രൂപത്തിലും വരാം.ഇനിയെങ്കിലും കള്ളവും ചതിയും എള്ളോളമില്ലാത്ത പുതുതലമുറയെ വാർത്തെടുക്കാൻ നമുക്ക് മുന്നേറാം.

***VISHNU RAJEEV (8 D)***





# IT QUIZ

1) Which is the first search engine in internet?
   Ans. Archea
2) Which is the first web browser?
   Ans. Nexus
3) First computer virus is known as ----
   Ans. Creeper
4) Which among the programming language is exclusively used for artificial intelligence?
   a)C b)Java c)J2EE d)Prolog
   Ans. Prolog
5) Firewall in computer is used for ---
   Ans. Security
6) 1024 bit is equal to how many byte?
   Ans. 128 byte
7) Which company developed Mac operating system?
   Ans. Apple
8) Where is the headquarters of microsoft office?
   Ans. Washington
9) Who is known as father of internet?
   Ans. Vint Cerf
10) Which of the following programming language is used to create programmes like applets?
   a)COBOL b)C Language c)Java d)BASIC
   Ans. Java




*ABIN(8C)*

## DRAWINGS

# PEACOCK



***SREELEKSHMI.S (9B)***



# DORA





***LIYA ROY(9B)***


# KERALA QUIZ


1) Name the highest peak in Kerala?
   Ans. Anamudi
2) Howmany rivers are there in Kerala?
   Ans.44
3)Which is the largest fresh water lake in Kerala?
   Ans. Sasthamkotta
4)Who is known as Beypore Sulthan?
   Ans.Vaikkom Muhammed Basheer
5)Which district in Kerala has the largest forest area?
   Ans.Idukki
6)Which is the highest populated district in Kerala?
   Ans.Malappuram
7)Which district in Kerala does not have forest?
   Ans.Alappuzha
8)Which is the first wildlife sanctuary in Kerala?
   Ans.Periyar

***ALFIA SHAH(9B)***



## JUNGLE BOOK





*PRANAV M P(9C)*



## ചിത്രം

# പ്രളയം




***PRAVEEN (8A)***

